പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3206 — 23.03.2015-ൽ മറുപടിക്ക്

## ശുചിത്വ ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>" വർക്കല കഹാർ<br>" ടി. എൻ. പ്രതാപൻ<br>" എം.എ.വാഹീദ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നുണ്ട്. താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ.<br>2. പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുക.<br>3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ളതും കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലും ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.<br>4. നവീന അറവുശാലകൾ സ്ഥാപിക്കാനും ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കാനും സാങ്കേതിക സഹായവും സാങ്കേതിക അംഗീകാരവും നൽകുക.<br>5. സ്രോതസ്സിൽ തന്നെ മാലിന്യത്തിന്റെ അളവു കുറയ്ക്കൽ.<br>6. ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.<br>7. പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണിസഞ്ചികളുടെ ഉപയോഗം. |

8. സംസ്ഥാന സർക്കാരിന്റെ 6.10.2008-ലെ നം. 66753/ഡിസി1/2008/തസ്വഭവ സർക്കുലർ പ്രകാരം ഓരോ ജില്ലയിലും ശുചിത്വ സമിതികൾ വഴിയാണ് ഖരദ്രവ മാലിന്യ സംസ്ക്കരണ പദ്ധതികൾ ഏറ്റെടുക്കുക.
9. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുക.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുളളത്

1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം.
2. ഗ്രാമപഞ്ചായത്തുകളിലെ ഖര മാലിന്യ പരിപാലനം
3. അറവുശാല മാലിന്യ സംസ്ക്കരണം
4. ഖരമാലിന്യ സംവിധാനത്തിന്റെ പുനരുദ്ധാരണം
5. **UIDSSMT** പദ്ധതി നിർവ്വഹണം
6. അറവുശാല നിർമ്മാണം അഥവാ നവീകരണം
7. സ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി
8. മാതൃകാ ദ്രവമാലിന്യ മാനേജ്മെന്റ് പരിപാടി - കോളനികൾക്ക്
9. വനിത ശുചിത്വ കോംപ്ളക്സ്, വിശ്രമ ശുചിത്വ സമുച്ചയം
10. ഗേൾ ഫ്രണ്ട്‌ലി ടോയിലറ്റ്, ശിശു സൗഹൃദ ടോയിലറ്റ്
11. മാലിന്യ മുക്ത കേരളം പ്രചരണം
12. സോഷ്യൽ റിയാലിറ്റി ഷോ - ഗ്രീൻ കേരള എക്സ്പ്രസ്സ്
13. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ
14. മാലിന്യ മുക്ത കേരള അവാർഡ്

15. പഠന - വിവരണ ശേഖരണ പ്രവർത്തനം
16. ഐ.ഇ.സി / എച്ച്.ആർ.ഡി പദ്ധതി
17. ഖരമാലിന്യ പരിപാലനം

(സി) ശുചിത്വ ഗ്രാമം പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(സി) ശുചിത്വഗ്രാമ പദ്ധതി ശുചിത്വ മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയാണ് നടപ്പിലാക്കി വരുന്നത്.

ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) 2000-മാണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ്) പ്രകാരം എല്ലാ നഗരസഭകളിലും സയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ഭാഗമായി സംസ്ഥാനത്ത് 53 നഗരസഭകളും പദ്ധതി തയ്യാറാക്കുകയും മിഷൻ അതിന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മൊത്തം 45.14 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് 16.79 കോടി രൂപ ഭാഗിക സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇതിന്റെ ഫലമായി 25 നഗരസഭകളിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഈ പദ്ധതി കാലയളവിൽ 8 മുനിസിപ്പാലിറ്റികളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 3 മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യ സംസ്ക്കരണ ശാലകളിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർവ്വഹണം ഏതാണ്ടെല്ലാം തന്നെ പൂർത്തികരിച്ചിരിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ഇനം | ഭൗതിക ലക്ഷ്യം | ഭൗതിക നേട്ടം (31.03.2015 വരെ) | നേട്ടം (ശതമാനം) |
|---|---|---|---|---|
| 1. | ഗാർഹിക കക്കൂസുകൾ (ബി.പി.എൽ) | 1150170 | 1083253 | 100% |
| 2. | ഗാർഹിക കക്കൂസുകൾ (എ.പി.എൽ) | 135136 | 143588 | 100% |
| 3. | കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ | 2087 | 1166 | 96% |
| 4. | സ്ക്കൂൾ ടോയിലറ്റുകൾ | 8926 | 4429 | 100% |
| 5. | അങ്കണവാടി കക്കൂസുകൾ | 8249 | 5134 | 100% |
| 6. | റൂറൽ സാനിട്ടറി മാർട്ട് പ്രൊഡക്ഷൻ സെന്റർ | 98 | 91 | 93% |

2012-13 വർഷത്തിൽ 329 ഗ്രാമപഞ്ചായത്തുകൾക്കും, 2013-14 വർഷത്തിൽ 333 ഗ്രാമപഞ്ചായത്തുകൾക്കും, 2014-15 വർഷത്തിൽ 58 ഗ്രാമപഞ്ചായത്തുകൾക്കും 2011-12 മുതൽ നാളിതുവരെയായി 59 നഗരസഭകൾക്കും 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

ഈ പദ്ധതികൾ എല്ലാം തന്നെ ശുചിത്വ ഗ്രാമം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള പ്രവർത്തനമാണ്.

സെക്ഷൻ ഓഫീസർ